II ഇ.ബി. XV-കേരള നിയമസഭ/II-13

## പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ആഗസ്റ്റ് 9, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

37 (*361) ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട കൗൺസിലിംഗ്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികളുടെ മാനസികാരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് 'ഉല്ലാസപ്പറവകൾ', ഷീ അസംബ്ലി, ഉള്ളറിയാൻ, Our Responsibility to Children (ORC), മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് നൽകുന്നതിനായി അതിജീവനം, ചിരി, ദിശാ ഹെൽപ്പ് ലൈൻ, കുട്ടി ഡെസ്ക് എന്നീ പദ്ധതികൾ നടപ്പിലാക്കുകയും കായിക ക്ഷമതയും ആരോഗ്യവും

സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും നൽകുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഓൺലൈൻ ക്ലാസ്സുകളുടെ തുടർ പിന്തുണ പ്രവർത്തനങ്ങളുടെ ഭാഗമായി വർക്ക്ഷീറ്റുകൾ/പ്രവർത്തന കാർഡുകൾ നൽകുകയും സ്കൂൾ കൗൺസിലർമാർ, സൗഹൃദ ക്ലബ് കോ-ഓർഡിനേറ്റർമാർ, മെന്റർ ടീച്ചർമാർ, എഡ്യൂക്കേഷൻ വോളന്റിയേഴ്സ് തുടങ്ങിയവർ കുട്ടികളും രക്ഷിതാക്കളുമായി നിരന്തരം ബന്ധം പുലർത്തുകയും പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്യുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. സ്കൂളുകളിൽ കൂടുതൽ കൗൺസിലർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലാണെന്നും ഡിജിറ്റൽ ക്ലാസ്സുകൾ പുനരാവിഷ്കരിക്കുന്നതിനും ഇന്ററാക്ടീവ് ക്ലാസ്സുകൾ ആരംഭിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇന്റർനെറ്റ് സംവിധാനങ്ങളില്ലാത്ത പ്രദേശങ്ങളിൽ അവ ഏർപ്പെടുത്തിയും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കിയും എല്ലാ കുട്ടികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

38 (*362 & *376) <u>തീർത്ഥാടക ടൂറിസം പദ്ധതികൾ</u>

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, തീർത്ഥാടന ടൂറിസം

പ്രോത്സാഹിപ്പിക്കുന്നതിനായി "പിൽഗ്രിം ടൂറിസം സർക്യൂട്ട്" രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും ഇതിന്റെ ഭാഗമായി "തത്വമസി" പദ്ധതി മുഖേന 8 തീർത്ഥാടന സർക്യൂട്ടുകളിലായി 43 ആരാധനാലയങ്ങൾക്കായുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പഞ്ചായത്തുകളുടെ ടൂറിസം സാധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിനുകൾ നടത്താനും കോവിഡ്മൂലമുള്ള ടി മേഖലയുടെ സ്തംഭനാവസ്ഥയ്ക്ക് പരിഹാരം കാണാൻ മുൻസർക്കാർ ആവിഷ്കരിച്ച പദ്ധതികൾ തുടരാനും ആയുർവ്വേദ സെന്ററുകൾ, ഹോംസ്റ്റേ, സർവീസ്ഡ് വില്ല, റസ്റ്റോറന്റ്, അമ്യൂസ്മെന്റ് പാർക്ക്, അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റികൾ എന്നിവയ്ക്കുള്ള അംഗീകാരം/ക്ലാസിഫിക്കേഷൻ ഉപാധികളില്ലാതെ 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകാനും ടി മേഖലയിൽ ഊർജ്ജിത കോവിഡ് പ്രതിരോധ വാക്സിനേഷൻ ഡ്രൈവ് നടത്താനും തീരുമാനിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. കേന്ദ്ര ടൂറിസം മന്ത്രാലയം 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തിയ ഗുരുവായൂർ ക്ഷേത്ര വികസനപ്രവൃത്തികൾ

പൂർത്തീകരിക്കുകയും 'സ്വദേശ് ദർശൻ' സ്കീമിൽ ശബരിമല വികസനം ഉൾപ്പെടെയുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. മലങ്കര ഡാം സറൗണ്ടിംഗ്സ് അറ്റ് ഇടുക്കി ഡാം, സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈയിൻ മലയാറ്റൂർ എന്നീ പദ്ധതികളുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. ചേരമാൻ ജുമാ മസ്ജിദ്-കൊടുങ്ങല്ലൂർ, അതിരപ്പിള്ളി-മലയാറ്റൂർ-കാലടി-കോടനാട് നാച്ചുറൽ ബേസ്ഡ് ടൂറിസം സർക്യൂട്ട് പദ്ധതികളുടെ ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നുണ്ടെന്നും മലബാർ ലിറ്ററി സർക്യൂട്ട്, ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൺസൾട്ടന്റുമാരെ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഡി.പി.ആർ. സമർപ്പിച്ച പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണെന്നും മലപ്പുറം ജില്ലയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് എം.എൽ.എ.-മാരുടെ പ്രത്യേക യോഗം വിളിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

39 (*363) <u>വിനോദസഞ്ചാര വികസന പദ്ധതികൾ</u>

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കിഫ്ബി ഫണ്ടുപയോഗിച്ച് കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ വിവിധ ജില്ലകളിലായി ആറ് ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും ആലപ്പുഴ-തലശ്ശേരി ഹെറിറ്റേജ് പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് കേരളവുമായി വ്യാപാരബന്ധത്തിലേർപ്പെട്ടിരുന്ന 32 രാജ്യങ്ങളെ ബന്ധപ്പെടുത്തി സ്പൈസ് റൂട്ട് പൈതൃക ടൂറിസം പദ്ധതി നടപ്പിലാക്കുന്നതാണെന്നും സഭയെ അറിയിച്ചു. ഉത്തരവാദിത്ത ടൂറിസത്തിൽ ഗ്രാമീണ ടൂറിസത്തിന്റെ സാധ്യതകൾകൂടി ഉൾപ്പെടുത്തി സംസ്ഥാന ടൂറിസത്തെ മുന്നോട്ടുകൊണ്ടുപോകുന്നതാണെന്നും ഓരോ പഞ്ചായത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കുക എന്ന ആശയത്തിൽ ഊന്നിയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.